(സി) വാർഷികപ്ലാനിന് വിഭവം കണ്ടെത്തുന്നത് ബി.സി.ആർ.-ൽ നിന്നുമാണോ ?

(ഡി) ബി.സി.ആർ. ഇല്ലാത്ത വർഷങ്ങളിൽ വാർഷിക പ്ലാനിന്റെ നടത്തിപ്പ് എപ്രകാരമായിരുന്നുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ)	(രൂപ കോടിയിൽ)
1996-1997	139.06
1997-1998	246.02
1998-1999	(-) 435.96
1999-2000	(-) 2069.01
2000-2001	കണക്ക് പൂർത്തിയായിട്ടില്ല.

(ബി) റവന്യൂ വരുമാനത്തിൽ നിന്നും പദ്ധതി ഇനത്തിൽ ലഭിക്കുന്ന ഗ്രാന്റ് തുക കുറവ് ചെയ്തശേഷം പദ്ധതിയേതര ചെലവുകൾ കഴിച്ച് ബാക്കി ലഭിക്കുന്ന തുകയാണ് ഓരോ വർഷത്തേയും ബി.സി.ആർ.

(സി) ബി.സി.ആർ. -ൽ നിന്നും മാത്രമല്ല.

(ഡി) ബി.സി.ആർ. ഇല്ലാത്ത വർഷങ്ങളിൽ അധിക വിഭവ സമാഹരണം നടത്തിയും കേന്ദ്രസർക്കാരിൽ നിന്നും ലോൺ, ഗ്രാന്റ് എന്നീ സഹായം ലഭ്യമാക്കിയും ചെറുനിക്ഷേപങ്ങളിൽ കൂടുതൽ തുക പിരിച്ചെടുത്തും അനുവദനീയമായ കടമെടുപ്പിലൂടെയുമായിരുന്നു വാർഷിക പ്ലാൻ നടത്തിപ്പ്.

സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത

39 (430) ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഈ ബാദ്ധ്യത എത്രയായിരുന്നു ;

(സി) പലിശ ഇനത്തിൽ 2000-2001 സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് എത്ര രൂപ കൊടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഡി) സംസ്ഥാന ഗവൺമെന്റ് സഹകരണ ബാങ്കുകളിൽ നിന്നും എത്ര കോടി രൂപയുടെ നിക്ഷേപം വാങ്ങിയിട്ടുണ്ട് ;

(ഇ) ഇതിന് എത്ര രൂപ പലിശ നൽകേണ്ടി വരും ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ട്രഷറി നിക്ഷേപത്തിന് സാധാരണ നൽകുന്ന പലിശയെക്കാൾ കൂടുതൽ നിരക്ക് സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾക്ക് കൊടുക്കുവാനുള്ള കാരണമെന്താണ് ;

(ജി) സംസ്ഥാന ഗവൺമെന്റിന്റെ കടബാദ്ധ്യതയിൽ സഹകരണ ബാങ്കുകളുടെ നിക്ഷേപ തുകയും ഉൾപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(എച്ച്) കെ.എസ്.എഫ്.ഇ.യിൽ നിന്നും ഗവൺമെന്റ് കടമായിട്ടോ നിക്ഷേപമായിട്ടോ രൂപ വാങ്ങിയിട്ടുണ്ടോ ;

(ഐ) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ലഭ്യമായ കണക്കുപ്രകാരം 31-3-2000 വരെ 20,176.06 കോടി രൂപയാണ്.

(ബി) 10,113.54 കോടി രൂപ.

(സി) 1,926.41 കോടി രൂപയാണ്.

(ഡി) 632.82 കോടി രൂപ സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) 58.59 കോടി രൂപ.

(എഫ്) വിഭവ സമാഹരണത്തിന്റെ ഭാഗമായി ട്രഷറി നിക്ഷേപങ്ങൾക്ക് ചില പ്രത്യേക കേസുകളിൽ കൂടുതൽ പ്രോത്സാഹനങ്ങൾ നൽകാറുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ഇല്ല.

(ഐ) മറുപടി ഉദിക്കുന്നില്ല.

കടപ്പത്രം

40 (431) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം കടപ്പത്രം ഇറക്കി ;

(ബി) ഓരോ പ്രാവശ്യവും എന്ത് തുകയ്ക്കുള്ള കടപ്പത്രമാണ് ഇറക്കിയിട്ടുള്ളത് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പശ്ചാത്തല വികസനത്തിനും വ്യവസായ വികസനത്തിനും വേണ്ടി എന്ത് തുക വീതം വായ്പ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly